# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മേയ് 17<br>May 17 | 2019 |
|---|---|

*1193 ഇടവം 3 വെള്ളി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പമ്പാമണൽ ഇ–ലേലം ചെയ്യുന്നു**

ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ പമ്പ ഹിൽടോപ്പ്, ചക്കുപാലം എന്നീ സ്ഥലങ്ങളിൽ ശേഖരിച്ചിരിക്കുന്നതുമായ മണലിന്റെ ഇ–ലേലം മേയ് 20,23,27,30 തീയതികളിൽ നടക്കും. 1000 ക്യുബിക് മീറ്റർ മണൽ വീതമുള്ള 55 ലോട്ടുകളിലായാണ് ലേലം നടക്കുക. കെട്ടിടനിർമ്മാണ പ്രവർത്തികൾക്കും ലാൻസ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇ–ലേല നടപടികൾക്ക് നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സി.യിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എം.എസ്.റ്റി.സി.യുടെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്നും റാന്നി വനം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (04735-227558), ഗൂഡ്രിക്കൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് ( 04735-279063) എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. (പിഎൻപി 1162/19)

## ഡെപ്യൂട്ടേഷന് അപേക്ഷ ക്ഷണിച്ചു

സമഗ്രശിക്ഷ കേരളയുടെ സംസ്ഥാന പ്രോജക്ട് ഓഫീസിലും ജില്ലാ പ്രോജക്ട് ഓഫീസുകളിലും ജില്ലാ പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററുകളിലും നിലവിലുള്ള സ്റ്റേറ്റ് പ്രോഗ്രാം ഓഫീസര്‍, ജില്ലാ പ്രോജക്ട് കോ-ഓര്‍ഡി നേറ്റര്‍, ജില്ലാ പ്രോഗ്രാം ഓഫീസര്‍, ബ്ലോക്ക് പ്രോജക്ട് കോ-ഓര്‍ഡിനേറ്റര്‍, ട്രെയിനര്‍ (ബ്ലോക്ക്തലം) തസ്തികകളിലേക്ക് ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയില്‍ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഓരോ തസ്തികയിലേക്കും അപേക്ഷ അയയ്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളെ സംബന്ധിച്ച വിശദാംശവും അപേക്ഷയുടെ മാതൃകയും സമഗ്രശിക്ഷ കേരളയുടെ വെബ്സൈറ്റില്‍ (www.ssakerala.in) ലഭ്യമാണ്. നിലവില്‍ സമഗ്രശിക്ഷ കേരളയില്‍ സേവനമനുഷ്ഠിക്കുന്ന അധ്യാപകര്‍ പ്രോജക്ടില്‍ തുടരാന്‍ ആഗ്രഹിക്കുന്നുണ്ടെങ്കില്‍ പുതുതായി അപേക്ഷ സമര്‍പ്പിക്കണം.

യോഗ്യരായവരുടെ അപേക്ഷകള്‍ ഈ മാസം 31ന് വൈകിട്ട് അഞ്ചിന് മുമ്പ് സമഗ്രശിക്ഷ കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ ഓഫീസില്‍ ലഭിക്കണം. ബ്ലോക്ക് പ്രോജക്ട് കോ-ഓര്‍ഡിനേറ്റര്‍/ട്രെയിനര്‍ തസ്തികയിലേക്കുള്ള അപേക്ഷകള്‍ നിയമനം ആഗ്രഹിക്കുന്ന ജില്ലാ പ്രോജക്ട് ഓഫീസുകളില്‍ ലഭ്യമാക്കണം. ബ്ലോക്ക് പ്രോജക്ട് കോ-ഓര്‍ഡിനേറ്റര്‍/ട്രെയിനര്‍ തസ്തികയില്‍ ഒന്നിലധികം ജില്ലകളിലേക്ക് അപേക്ഷകള്‍ അയയ്ക്കാന്‍ ആഗ്രഹിക്കുന്ന അധ്യാപകര്‍ ബന്ധപ്പെട്ട ജില്ലാ പ്രോജക്ട് ഓഫീസുകളിലേക്ക് പ്രത്യേകമായി അപേക്ഷ നല്‍കണം. (പിഎന്‍പി 1163/19)

## സ്കോള്‍ - കേരള; ഹയര്‍ സെക്കന്‍ഡറി രണ്ടാം വര്‍ഷ പ്രവേശനം

സ്കോള്‍-കേരള മുഖേന 2019-20 അധ്യയന വര്‍ഷത്തെ ഹയര്‍ സെക്കന്‍ഡറി കോഴ്സ് രണ്ടാം വര്‍ഷ പ്രവേശനം, പുനഃപ്രവേശനം എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചു. പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായവര്‍ക്ക് ഈ മാസം 28 വരെ ഓണ്‍ലൈനായി രജിസ്റ്റര്‍ ചെയ്യാം. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, മറ്റ് സ്റ്റേറ്റ് ബോര്‍ഡുകള്‍ മുഖേന ഒന്നാം വര്‍ഷം ഹയര്‍ സെക്കന്‍ഡറി കോഴ്സ് പൂര്‍ത്തിയാക്കിയവര്‍ക്കും നിബന്ധനകള്‍ക്ക് വിധേയമായി പ്രവേശനം അനുവദിക്കും. ഓണ്‍ലൈനില്‍ രജിസ്റ്റര്‍ ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും ഈ മാസം 30നകം എക്സിക്യൂട്ടീവ് ഡയറക്ടര്‍, സ്കോള്‍-കേരള, വിദ്യാഭവന്‍, പൂജപ്പുര പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തില്‍ ലഭിക്കണം. കൂടുതല്‍ വിവരം www.scolekerala.org എന്ന വെബ്സൈറ്റില്‍ ലഭിക്കും.

(പിഎന്‍പി 1164/19)

## പ്രോത്സാഹന ധനസഹായത്തിന് അപേക്ഷിക്കാം

2018-19 അധ്യയന വര്‍ഷം ജില്ലയിലെ വിവിധ സ്ഥാപനങ്ങളില്‍ നിന്നും എസ്എസ് എല്‍സി, പ്ലസ്ടു, ഡിഗ്രി, പി.ജി, പ്രൊഫഷണല്‍ കോഴ്സുകളില്‍ പഠനം നടത്തി മികച്ച വിജയം നേടിയ പട്ടികവര്‍ഗ വിദ്യാര്‍ഥികള്‍ക്ക് പ്രോത്സാഹന ധനസഹായത്തിന് അപേക്ഷി ക്കാം. കൂടുതല്‍ വിവരം റാന്നി ട്രൈബല്‍ എക്സ്റ്റന്‍ഷന്‍ ഓഫീസില്‍ ലഭിക്കും. ഫോണ്‍: 04735 221044. (പിഎന്‍പി 1165/19)

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം:
## മുന്‍ഗണനാ പട്ടികയിലെ ശുദ്ധീകരണവുമായി സഹകരിക്കണം

ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുന്‍ഗണനാ പട്ടിക കുറ്റമറ്റതാക്കുന്നതിന്റെ ഭാഗ മായി അനര്‍ഹമായി പട്ടികയില്‍ കടന്നുകൂടിയവര്‍ക്കെതിരെ നിയമ നടപടി സ്വീകരി

ക്കുന്നതിനും ഈ കാലയളവിൽ കൈപ്പറ്റിയ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിനാൽ അനർഹമായി മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ ഹാജരായി ശരിയായ വസ്തുതകൾ ബോധ്യപ്പെടുത്തി മുൻഗണനാ പട്ടികയിലെ ശുദ്ധീകരണവുമായി സഹകരിക്കണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. (പിഎൻപി 1166/19)

## വോട്ടെണ്ണൽ : കൺട്രോൾ റൂം നമ്പർ 1950

ലോക്സഭാ തെരഞ്ഞെടുപ്പ് വോട്ടെണ്ണലുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിനും പരാതികൾ അറിയിക്കുന്നതിനും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസിൽ 20 മുതൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം നമ്പർ 1950 ൽ ബന്ധപ്പെടാം.

(ഇലക്ഷൻ: 266/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**മേയ് 17**

**May 17** **2019**

***1193 ഇടവം 3 വെള്ളി***

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657**

---

**അനുമോദിച്ചു**

മികച്ച പബ്ലിക് നഴ്സിനുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ പബ്ലിക് ഹെൽത്ത് നഴ്സ് ഒ.ഗീതാദേവിയെ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൽ.ഷീജ അനുമോദിച്ചു. (പിഎൻപി 1167/19)

**ആയ ഒഴിവ്**

റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ ഒഴിവുള്ള ആയ തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിക്കുന്നതിന് ഈ മാസം 31ന് രാവിലെ 10.30 മുതൽ റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ കൂടിക്കാഴ്ച നടത്തും. പത്തനംതിട്ട ജില്ലയിലെ സ്ഥിരതാമസക്കാരും പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പങ്കെടുക്കാം. പ്രായം 25നും 41നും മധ്യേ. പട്ടികവർഗ വിഭാഗക്കാർക്ക് മുൻഗണന ലഭിക്കും. ഫോൺ: 04735 227703. (പിഎൻപി 1168/19)

**ദേശീയ അധ്യാപക അവാർഡിന് നോമിനേഷൻ ക്ഷണിച്ചു**

ദേശീയ അധ്യാപക അവാർഡ് 2018ന് കേന്ദ്രസർക്കാർ നോമിനേഷൻ ക്ഷണിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് മേഖലകളിലെ അധ്യാപ

കർക്കും പ്രഥമാധ്യാപകർക്കും നോമിനേഷൻ നൽകാം. നോമിനേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 15. കൂടുതൽ വിവരം www.mhrd.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. (പിഎൻപി 1169/19)

## ഫോട്ടോ അടിക്കുറിപ്പ്

1) മികച്ച പബ്ലിക് നഴ്സിനുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ പബ്ലിക് ഹെൽത്ത് നഴ്സ് ഒ.ഗീതാദേവിയെ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൽ.ഷീജ അനുമോദിക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**